(ബി) അഗ്രികൾച്ചർ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ മുഖേനയാണ് പരിഷ്കരിച്ച ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി എന്നിവ 2014-15 വർഷത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം, ഖാരിഫ് 2014 സീസണിൽ നെല്ല്, വാഴ, കരുമുളക്, തെങ്ങ്, ഇഞ്ചി, മഞ്ഞൾ, ജാതി, കരിമ്പ്, കമുക് എന്നീ വിളകൾ ഇൻഷ്വർ ചെയ്യുകയുണ്ടായി. പരിഷ്കരിച്ച ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി പ്രകാരം നെല്ല്, വാഴ, മരച്ചീനി എന്നീ വിളകൾ ഇൻഷ്വർ ചെയ്തു. പ്രീമിയം ഇനത്തിൽ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 2,02,61,935 രൂപ പ്രീമിയം സബ്സിഡിയായി നൽകേണ്ടതുണ്ട്. പരിഷ്കരിച്ച ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി പ്രകാരം 75,69,166 രൂപ പ്രീമിയം സബ്സിഡിയായി AICIL-ന് നൽകേണ്ടതുണ്ട്. ഒരു കോടി രൂപയാണ് 2014-15 വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയത്. ഒരു കോടി രൂപ AICIL-ന് പ്രീമിയം സബ്സിഡി ഇനത്തിൽ 2014-15 വർഷത്തിൽ നൽകിയിട്ടുണ്ട്.

(സി) 2014 ഖാരിഫ് സീസണിൽ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ 17897 കർഷകർ ചേരുകയും 1,18,08,408 രൂപ പ്രീമിയം തുകയായി ഒടുക്കുകയും ചെയ്തിട്ടുണ്ട്. പരിഷ്കരിച്ച ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയിൽ 6630 കർഷകർ ചേരുകയും 78,44,644 രൂപ പ്രീമിയം തുകയായി ഒടുക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) 2014 ഖാരിഫ് സീസണിൽ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 11549 നെൽ കർഷകർ 79.51 ലക്ഷം രൂപയ്ക്ക് അർഹരായിട്ടുണ്ട്.

ചേലക്കര മണ്ഡലത്തിൽ നാളികേര ബയോപാർക്ക്

139 (1549) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിൽ നാളികേര ബയോപാർക്ക് പ്രവർത്തനം ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(സി) വകുപ്പിൽ നിന്നും തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(ഡി) ഈ വർഷം തന്നെ നാളികേര ബയോപാർക്ക് പ്രവർത്തനമാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഡി) ഉണ്ട്. തൃശ്ശൂർ ജില്ലയിലെ ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിൽ നാളികേര ബയോപാർക്ക് സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുകയും 28-2-2014-ൽ ബയോപാർക്കിന്റെ ഓഫീസ് കം ഇൻഫർമേഷൻ സെന്ററിന്റെ ശിലാസ്ഥാപനം നടത്തുകയും ചെയ്തു. 'അഗ്രി ബയോപാർക്ക് പദ്ധതി നടത്തിപ്പിനായി ബഹു. കൃഷി വകുപ്പുമന്ത്രി ചെയർമാനായി രൂപീകരിച്ച അഗ്രി ബയോപാർക്ക്സ്-കേരള (Reg. No. Tvm/TC/97/2013 dated 23-8-2013)-യുടെ തീരുമാനപ്രകാരം നാളികേര ബയോപാർക്കിന്റെ പ്രോജക്ട്, ഡിസൈൻ എന്നിവ തയ്യാറാക്കുന്നതിന് കോഴിക്കോട് വടകരയിലുള്ള ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നാളികേര അധിഷ്ഠിത വ്യവസായ സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും സാങ്കേതിക സഹായങ്ങൾ നൽകുകയും ചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. അധിക വിലവ ലഭ്യതയുടെ അഭാവത്തിൽ ബഡ്ജറ്റും ഉപധനാഭ്യർത്ഥന പ്രകാരവും യുക അനുവദിക്കാനാവാത്ത സാഹചര്യത്തിൽ പ്രോജക്ടിനാവശ്യമായ യുക റീഅപ്രോപ്രിയേഷൻ മുഖേന ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ജൈവമണ്ഡല പദ്ധതി

140 (1550) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവമണ്ഡല പദ്ധതിക്ക് രൂപം നൽകുവാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) 10-2-2010-ലെ സ.ഉ.(പി) 39/10/കൃഷി പ്രകാരം സംസ്ഥാനത്ത് ഒരു ജൈവകൃഷി നയം പ്രഖ്യാപിച്ചിട്ടുണ്ട്. ഘട്ടംഘട്ടമായി കേരളം ജൈവ കാർഷിക സംസ്ഥാനമാക്കുവാൻ ഈ നയത്തിൽ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിന്റെ മുന്നോടിയായി കേരളത്തെ 2016-ഓടെ സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും ജനപ്രതിനിധികളെയും കർഷകരെയും ഉൾപ്പെടുത്തി ബോധവൽക്കരണ കാമ്പയിനുകൾ